Deshabhimani 19-02-19, p-16

കൃഷിയിൽ പുതുവിപ്ലവം

# കാർഷിക യന്ത്രവൽക്കരണ ദൗത്യസേനയ്ക്ക് തുടക്കം

**സംസ്ഥാനത്തെ മുഴുവൻ കാർഷികമേഖലയിലും ആവശ്യമായ കാർഷികയന്ത്രവൽകൃതസേവനവും കാർഷിക മനുഷ്യപ്രവർത്തന സേവനവും ലഭ്യമാക്കലാണ് മിഷൻ ലക്ഷ്യം. കാർഷിക സേവനകേന്ദ്രങ്ങളുടെയും കാർഷിക കർമസേനകളുടെയും പ്രവർത്തനം വിപുലീകരിക്കും. ബിടെക്, ഐടിഐ വിദ്യാർഥികൾ ഉൾപ്പെടെ പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കാനും തൊഴിലവസരങ്ങൾ ഒരുക്കാനും സർക്കാർ ലക്ഷ്യമിടുന്നു**



കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

**തൃശൂർ**

കേരളത്തിൽ പുത്തൻ കാർഷിക വിപ്ലവത്തിന് തുടക്കം കുറിച്ച് സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന് തുടക്കം. പ്രളയത്തിൽ തകർന്നതുൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ കാർഷിക യന്ത്രങ്ങളും പ്രവർത്തനസജ്ജമാക്കി കൃഷിയെ വീണ്ടെടുക്കലാണ് മിഷൻ ലക്ഷ്യം. സാങ്കേതിക വിദഗ്ധരടങ്ങിയ സഞ്ചരിക്കുന്ന കാർഷികയന്ത്ര പുനർനിർമാണയൂണിറ്റുകൾ ജില്ലകൾ തോറും സഞ്ചരിക്കും. കൃഷിക്ക് കാർഷിക ഓഫീസറുടേതിനൊപ്പം കൃഷി എൻജിനിയറുടെയും സേവനം ലഭ്യമാക്കുന്ന കാർഷിക വിപ്ലവ സന്നാഹമാണ് കർമരംഗത്തിറങ്ങുന്നത്. സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പുതുചരിത്രമാണ് രചിച്ചത്.

14 ജില്ലകളിൽ നിന്നെത്തിയ കർമസേനാംഗങ്ങളും എൻജിനിയർമാരും കർഷകരുമടങ്ങിയ ഹരിതസേനയുടെ മാർച്ച് പാസ്റ്റിനെ മന്ത്രിമാരും ജനങ്ങളും വരവേറ്റു. തുടർന്ന് ചേർന്ന പൊതുസമ്മേളനത്തിൽ കേരള സംസ്ഥാന കാർഷികയന്ത്രവൽക്കരണമിഷൻ മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്തു. മന്ത്രി വി എസ് സുനിൽകുമാർ അധ്യക്ഷനായി.

സഞ്ചരിക്കുന്ന കാർഷിക യന്ത്ര അറ്റകുറ്റപ്പണി യൂണിറ്റായ കാർഷികയന്ത്രകിരണം സ്ക്വാഡ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് ഫ്ളാഗ് ഓഫ് ചെയ്തു. കാർഷിക യന്ത്രങ്ങളുടെ പരിപാലന മാർഗനിർദേശക കൈപ്പുസ്തകത്തിന്റെ പ്രകാശനവും നിർവഹിച്ചു. ചെറുതാഴം കാർഷിക കർമസേനയുടെ കേടായ ട്രാക്ടർ പൂർണമായി അറ്റകുറ്റപ്പണി നടത്തിയത് മേയർ അജിത വിജയൻ കൈമാറ്റം ചെയ്തു. കാർഷിക സേവന കേന്ദ്രം, കർമസേന എന്നിവയുടെ മാർഗരേഖ പുസ്തകം പ്രകാശനം സി എൻ ജയദേവൻ എംപി നിർവഹിച്ചു. കാർഷിക ഡയറക്ടറി പ്രകാശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവഹിച്ചു. കെ രാജൻ എംഎൽഎ, കൗൺസിലർ എം എസ് സമ്പൂർണ എന്നിവർ സംസാരിച്ചു. സഞ്ചരിക്കുന്ന മണ്ണുപരിശോധന കേന്ദ്രത്തിന്റെ ഫ്ളാഗ് ഓഫും ചടങ്ങിൽ നടന്നു.

കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു റിപ്പോർട്ട് അവതരിപ്പിച്ചു. കാർഷിക ഉൽപ്പാദന കമീഷണർ ദേവേന്ദ്രകുമാർ സിങ് സ്വാഗതവും കെ എസ് എ എം എം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. യു ജയകുമാരൻ നന്ദിയും പറഞ്ഞു.

സംസ്ഥാനത്തെ മുഴുവൻ കാർഷികമേഖലയിലും ആവശ്യമായ കാർഷികയന്ത്രവൽകൃതസേവനവും കാർഷിക മനുഷ്യപ്രവർത്തന സേവനവും യഥാസമയം ലഭ്യമാക്കലാണ് മിഷൻ ലക്ഷ്യം. കാർഷിക സേവനകേന്ദ്രങ്ങളുടെയും കാർഷിക കർമസേനകളുടെയും പ്രവർത്തനം വിപുലീകരിക്കും.

ബിടെക്, ഐടിഐ വിദ്യാർഥികൾ ഉൾപ്പെടെ പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കാനും തൊഴിലവസരങ്ങൾ ഒരുക്കാനും സർക്കാർ ലക്ഷ്യമിടുന്നു. കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരുടെയും കൃഷിവകുപ്പ് എൻജിനിയർമാരുടെയും ജീവനക്കാരുടെയും കൂട്ടായ്മവഴി കാർഷികമുന്നേറ്റത്തിനും വഴിയൊരുക്കും.

## കാർഷിക മുന്നേറ്റത്തിന് വഴിയൊരുക്കും: എ സി മൊയ്തീൻ

**തൃശൂർ**

സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ തദ്ദേശ സ്ഥാപനങ്ങളുമായി കൈകോർത്ത് കാർഷിക മുന്നേറ്റത്തിന് വഴിയൊരുക്കുമെന്ന് മന്ത്രി എ സി മൊയ്തീൻ പറഞ്ഞു. യന്ത്രവൽകൃത കൃഷിരീതിക്കൊപ്പം മുല്യവർധിത ഉൽപ്പന്നങ്ങളും നിർമിച്ച് കർഷകർക്ക് പുത്തനുണർവുണ്ടാക്കുകയാണ് സർക്കാർ ലക്ഷ്യം. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെയും കാർഷിക വിപ്ലവ സന്നാഹത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സർക്കാരിന്റെ ആയിരം ദിനങ്ങൾക്കുള്ളിൽ കാർഷിക മേഖലയാകെ ഉണർന്നു. യന്ത്രവൽകൃത കൃഷിരീതി വഴി കർഷകരെ കൂടുതൽ സഹായിക്കാനാവണം. പുതുതലമുറയെയും ആകർഷിക്കണം. മുൻകാലങ്ങളിൽ ശാസ്ത്രീയമല്ലാത്തവിധം യന്ത്രവൽക്കരണം നടന്നു. യന്ത്രങ്ങൾ കേടായാൽ പിന്നെ നന്നാക്കില്ല. അറ്റകുറ്റപ്പണിക്ക് പണവും പ്രശ്നമാണ്. യന്ത്രവൽക്കരണമിഷൻ അതിനാണ് പരിഹാരം കാണുന്നത്.

വകുപ്പുകൾ തമ്മിലുള്ള ഏകോപനവും പരസ്പര ധാരണയുംവഴി പദ്ധതികൾ നടപ്പാക്കും. കൃഷിക്കൊപ്പം ജലം, കാലാവസ്ഥ, മൃഗസംരക്ഷണ മേഖലകളും സംയോജിപ്പിക്കും. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കും. അതുവഴി ഉൽപ്പാദനം വർധിപ്പിക്കും. സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും വർധിക്കും. പാലക്കാട്, തൃശൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ റൈസ് പാർക്ക് സ്ഥാപിക്കും. അരിക്കൊപ്പം മുല്യവർധിത ഉൽപ്പന്നങ്ങളും നിർമിക്കും. കോട്ടയത്ത് റബറധിഷ്ഠിത ഉൽപ്പന്നങ്ങളുടെ കമ്പനിയും ആരംഭിക്കും. വയനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പാക്കേജുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ നാളെയെ ലക്ഷ്യം വച്ചുള്ള കൃത്യമായ ദിശാബോധത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് എ സി മൊയ്തീൻ പറഞ്ഞു.

കേരളത്തിലെ കാർഷിക ചരിത്രത്തിലെ പുത്തൻ നാഴികക്കല്ലായി സംസ്ഥാന യന്ത്രവൽക്കരണമിഷൻ മാറുമെന്ന് അധ്യക്ഷനായ മന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. കൃഷിക്കാവശ്യമായ വിദഗ്ധ തൊഴിലാളികളെ ലഭിക്കുന്നില്ലെന്നതാണ് കർഷകരുടെ പരാതി. ഈ മിഷൻ വഴി അതിനു പരിഹാരമാവും. കാർഷിക സർവകലാശാലയും കൃഷിവകുപ്പും തമ്മിലുള്ള കൃത്യമായ ശൃംഖലയിലൂടെയുള്ള പ്രവർത്തനമാണ് നടക്കുക. കാർഷിക സർവകലാശാല ആസ്ഥാനത്ത് തന്നെയാണ് മിഷന്റെ ആസ്ഥാനവും. സർവകലാശാലയുടെ ഗവേഷണനേട്ടങ്ങളെല്ലാം കർഷകർക്ക് വേഗത്തിൽ എത്തിക്കാൻ മിഷൻവഴി കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളാണ് കർഷകരെ കടക്കെണിയിലാക്കുന്നതെന്ന് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് പറഞ്ഞു. കോർപറേറ്റുകൾക്ക് അനുകൂലമായ നയമാണ് കേന്ദ്രം നടപ്പാക്കുന്നത്. എന്നാൽ ഇതിനുബദലായ ജനപക്ഷനയമാണ് എൽഡിഎഫ് സർക്കാർ നടപ്പാക്കുന്നത്. ഇത്തരം നയങ്ങളുടെ ഭാഗമായാണ് കർഷകരെ സഹായിക്കാനുള്ള പുതിയ ദൗത്യസംഘങ്ങൾക്ക് രൂപം നൽകിയതെന്നും മന്ത്രി പറഞ്ഞു.